# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തുനികുതി കുടിശ്ശിക തീർപ്പാക്കൽ-കുടിശ്ശിക വരുത്തിയവർക്ക് പിഴപ്പലിശ ഒഴിവാക്കി ഉത്തരവായത് 15-3-2013 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 460/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 19-2-2013

**പരാമർശം :-**
1. 24-2-12 ലെ സ.ഉ. (സാധാ) നം. 571/12/തസ്വഭവ
2. 26-3-12 ലെ സ.ഉ. (സാധാ) നം. 883/12/തസ്വഭവ
3. പഞ്ചായത്ത് ഡയറക്ടറുടെ 7-2-13 ലെ സി3-26055/12 നമ്പർ കത്ത്.

### ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് 15-3-2012 വരെ പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കാൻ അനുമതി നൽകി പരാമർശം (1) പ്രകാരവും പ്രസ്തുത ആനുകൂല്യം 31-3-2012 വരെ ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരവും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് 15-3-2013 വരെ പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കാൻ അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കേണ്ട കെട്ടിട നികുതി കുടിശ്ശിക വരുത്തിയവർക്ക് 15-3-2013 വരെ പിഴപ്പലിശ ഒഴിവാക്കി കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പിഴപ്പലിശ ഒഴിവാക്കി വസ്തുനികുതി അടയ്ക്കുന്നതിനുള്ള കാലാവധി ഇനി ദീർഘിപ്പിച്ചു നൽകുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് /നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ /ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.